# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2440** 07.02.2019-**ൽ മറുപടിക്ക്**

### വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

| | ചോദ്യം<br>ശ്രീ. സജി ചെറിയാൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക, നിലവിലുള്ള ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനു മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനു വേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ" മീറ്ററുകൾ സ്ഥാപിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br>കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷംതോറും പ്രസരണനഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടത യിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ വാർഷിക ആസൂത്രണത്തിൽ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുപരിയായി പത്തു വർഷത്തേയ്ക്കുള്ള ദീർഘകാല പ്രസരണ പദ്ധതികൾ ആസൂത്രണം ചെയ്തു അവ നടപ്പിലാക്കാൻ ബോർഡ് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.<br>കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10,000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും, 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021-ഓടെയും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടു കൂടി വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനാകുമെന്ന് കണക്കാക്കുന്നു |
| (ബി)<br><br><br><br><br><br>(സി) | കാലപ്പഴക്കം വന്നവയും അപകടകരവും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതുമായ വൈദ്യുതി വിതരണ ലൈനുകൾ കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;<br><br>റോഡുകൾക്കും സ്ഥാപനങ്ങൾക്കും വീടുകൾക്കും കുറുകെയുള്ള പരമാവധി വൈദ്യുത ലൈനുകൾ പുനഃക്രമീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; | (ബി)<br>&<br>(സി) | **"ദ്യുതി-2021'** പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനും കാലപ്പഴക്കം വന്നവയും അപകടകരവും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതുമായ വൈദ്യുതി വിതരണ ലൈനുകൾ കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിനുമുള്ള ക്രോസ് കൺട്രി ലൈനുകൾ പരമാവധി പൊതു നിരത്തുകളിലൂടെ മാറ്റി സ്ഥാപിക്കുവാനുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ പ്രസ്ഥാനങ്ങൾ, വ്യാവസായിക വാണിജ്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രസ്തുത പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സെക്ഷൻ അടിസ്ഥാനത്തിൽ ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ